# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3406 — 14.03.2018 — ൽ മറുപടിക്ക്

### വാതിൽപ്പടി റേഷൻ വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ: | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ വാതിൽപ്പടി റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിൽ ഇത് പൂർത്തിയാക്കി; വിശദവിവരങ്ങൾ നൽകാമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് 2017 മാർച്ച് മാസത്തിൽ കൊല്ലം ജില്ലയിൽ പൈലറ്റ് പദ്ധതിയായി വാതിൽപ്പടി വിതരണം ആരംഭിക്കുകയും 2017 മെയ്, ജൂൺ മാസത്തോടു കൂടി സംസ്ഥാനവ്യാപകമായി നടപ്പിലാക്കുകയും ചെയ്തു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോയെയാണ് സർക്കാർ നിയോഗിച്ചിരിക്കുന്നത്. |
| (ബി) | വിവിധ നിറങ്ങളിലുള്ള റേഷൻ കാർഡുകൾക്ക് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എത്ര വീതമാണ്; വിശദാംശം നൽകാമോ? | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഓരോ വിഭാഗം റേഷൻകാർഡുടമകൾക്കും നൽകി വരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഓരോ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി നൽകി വരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിശദവിവരങ്ങൾ

| ഇനം | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം *(2018 ഫെബ്രുവരി മാസം ആധാരമാക്കിയുള്ളത്)* | | | |
|---|---|---|---|---|
| | എ.എ.വൈ (5,95,800 ഉപഭോക്താക്കൾ) | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം (29,06,709 ഉപഭോക്താക്കൾ) | മുൻഗണനേതര വിഭാഗം (സബ്സിഡി) (29,35,436 ഉപഭോക്താക്കൾ) | മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) (15,80,085 ഉപഭോക്താക്കൾ) |
| അരി | ഓരോ കാർഡിനും 30 കിലോഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2/- രൂപ നിരക്കിൽ | ഓരോ കാർഡിനും അരിയും ഗോതമ്പും ഉൾപ്പെടെ 2 കി.ഗ്രാം ഭക്ഷ്യധാന്യം, അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും |
| ഗോതമ്പ് | ഓരോ കാർഡിനും 5 കിലോഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി | ഇല്ല | |
| ആട്ട | ഇല്ല | ഇല്ല | കാർഡിന് 3 കിഗ്രാം വീതം കി.ഗ്രാമിന് 15/- രൂപ നിരക്കിൽ | കാർഡിന് 3 കിഗ്രാം വീതം കി.ഗ്രാമിന് 15/- രൂപ നിരക്കിൽ |